പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1845 07.12.2015 ൽ മറുപടിക്ക്

## ഗതാഗതവകുപ്പിൻ കീഴിലുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ സദാശിവൻ : | | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | **ഈ സർക്കാരിന്റെ 2011-12 ലെ ബഡ്ജറ്റിൽ പ്രത്യേക മുൻഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഗതാഗത വകുപ്പിൻ കീഴിലുള്ള പദ്ധതികൾ ഏതെല്ലാം ആയിരുന്നു;** | (എ) | ഗതാഗത വകുപ്പിനു കീഴിൽ മോട്ടോർ വാഹന വകുപ്പിൽ ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക്, ഇ - പേയ്മെന്റ് സംവിധാനം, എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിരിന്നു.<br>2011-12 ലെ ബഡ്ജറ്റിൽ കൊച്ചി മെട്രോയുടെ നിർമ്മാണ അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുമെന്ന പ്രതീക്ഷയിൽ മെട്രോ പണിയുമ്പോൾ അനിവാര്യമായി വരുന്ന റയിൽ ഓവർബ്രിഡ്ജുകൾക്കും റോഡുകൾക്കുമായി 156 കോടി രൂപയുടെ 5 നവീകരണ ജോലികൾക്ക് അനുമതി നൽകിയതായി പ്രഖ്യാപിക്കുകയുണ്ടായി. കൂടാതെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുത്തു നൽകൽ എന്നിയവയും പ്രഖ്യാപിച്ചിരുന്നു. |
| (ബി) | **പ്രസ്തുത പദ്ധതികളിൽ 2011- 12 സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ സാധിക്കാത്ത പദ്ധതികൾ ഏതെല്ലാമായിരുന്നു; വ്യക്തമാക്കുമോ;** | (ബി) | മോട്ടോർ വാഹന വകുപ്പിലെ 3 പദ്ധതികളുടെയും പ്രവർത്തനം 2011-12 - ൽ തന്നെ അനുവദിച്ചെങ്കിലും 2012 അവസാനത്തോടെയും 2013 ആരംഭത്തിലുമാണ് പൂർത്തീകരിച്ചത്.<br>2011-12 ലെ ബഡ്ജറ്റിൽ കൊച്ചി മെട്രോയുടെ നിർമ്മാണ അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുമെന്ന പ്രതീക്ഷയിൽ മെട്രോ പണിയുമ്പോൾ അനിവാര്യമായി വരുന്ന റയിൽ ഓവർബ്രിഡ്ജുകൾക്കും റോഡുകൾക്കുമായി 156 കോടി രൂപയുടെ 5 നവീകരണ ജോലികൾക്ക് അനുമതി നൽകിയതായി പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് ഈ ജോലികൾ DMRC ഏറ്റെടുത്തു |

നടപ്പാക്കി വരുന്നു.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി കളിൽ 2011-12 സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ സാധിക്കുന്ന പദ്ധതിയായിരുന്നില്ല.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയിറക്ക പ്പെട്ടവരുടെ പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ട തദ്ദേശ വാസികളുടെ ശക്തമായ എതിർപ്പ് മൂലം ടി ഭൂമി ഏറ്റെടുത്ത് നൽകുവാൻ സാധിച്ചിട്ടില്ല.

**(സി)** **2011-12 ൽ പൂർത്തിയാക്കുവാൻ സാധിക്കാത്ത പദ്ധതികൾക്കായി തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര വീതം ഓരോ വർഷവും അനുവദിച്ചു; ട്രഷറിയിൽ അവശേഷിച്ച തുക എത്ര; വ്യക്തമാക്കുമോ;**

(സി) കൊച്ചി മെട്രോ റയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയും വിനിയോഗിച്ച തുകയും താഴെ ചേർക്കുന്നു.

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| വകയിരുത്തിയ തുക | 52.9943 | 80.4319 | | 56.705 | |
| ശീർഷകം 3075-60-800-96- ൽ നിന്നും വിനിയോഗിച്ച തുക | 52.9943 | 80.4319 | | | |
| ട്രഷറിയിൽ അവശേഷിച്ചത് | 0 | 0 | 0 | 0.005 | 0 |

ബാക്കി തുകയായ 217 കോടി രൂപ ഇ എൽ എ യിലേക്ക് മാറ്റുകയും 2015-16 ൽ വിനിയോഗിക്കുകയും ചെയ്തു 0.005 കോടി രൂപ സറണ്ടർ ചെയ്യുകയുണ്ടായി.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക | ചിലവഴിച്ച തുക | ട്രഷറിയിൽ അവശേഷിച്ചത് |
|---|---|---|---|
| 2011-12 | 10 കോടി | 10 കോടി | ഈ ഇനത്തിൽ തുകയൊന്നും ബാക്കിയില്ല. |
| 2012-13 | 50 കോടി | 50 കോടി | |
| 2013-14 | 1.03 ലക്ഷം | കണ്ണൂർ എയർപോർട്ടിന് തുകയൊന്നും ലഭിച്ചിട്ടില്ല. | |
| 2014-15 | 1.00 ലക്ഷം | | |
| 2015-16 | ഇല്ല | | |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും ചെലവുകൾക്കുമായി 2012-13 വർഷത്തിൽ 5,64,07,015 രൂപയും 2013-14 വർഷത്തിൽ 3,05,00,000/- രൂപയും 2014-15 വർഷത്തിൽ 3,31,78,411/- രൂപയും ടി ശീർഷകത്തിൽ അനുവദിച്ചിരുന്നു. മുഴുവൻ തുകയും ലാന്റ് അക്വിസിഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. |
| (ഡി) | ഇവയിൽ പ്രഖ്യാപിക്കപ്പെട്ട് നാലരവർഷത്തിന് ശേഷവും പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ? | (ഡി) | കൊച്ചി മെട്രോ റയിൽ പദ്ധതിയിലെ എറണാകുളം സൗത്ത് സ്റ്റേഷൻ അപ്രോച്ച് റോഡ്, എം.ജി. റോഡ് നന്നാക്കൽ - മാധവാ ഫാർമസി - തേവര എന്നി പ്രവർത്തികൾ മെട്രോ നിർമ്മാണ പ്രവർത്തികൾക്കൊപ്പം പുരോഗമിക്കുന്നു.<br>കരാർ വ്യവസ്ഥ പ്രകാരം കണ്ണൂർ വിമാനത്താവളം 2016 മധ്യത്തോടെ പൂർത്തിയാക്കി വാണിജ്യാടി സ്ഥാനത്തിലുള്ള സർവ്വീസ് നടത്തുന്നതിനുള്ള പ്രവർത്തനം നടത്തി വരികയാണ്.<br>തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഏറ്റെടുത്ത് നൽകേണ്ട 120 ഏക്കറിൽ 82 ഏക്കർ ഭൂമി കൂടി ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട്. ഇതിൽ 18.92 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകണമെന്ന എയർപോർട്ട് അതോറിറ്റിയുടെ അഭ്യർത്ഥനയനുസരിച്ച് ആയതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ